"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ്- കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ- പി.എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും സർക്കാർ ഖജനാവിലേക്ക് തിരികെ വരവ് ചെയ്ത തുകയായ 3,91,84,941/- രൂപയിൽനിന്നും 1,77,47,619/- രൂപ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.89/2024/TRANS തീയതി,തിരുവനന്തപുരം, 05-03-2024

---

പരാമർശം:-

1. 13.03.2022-ലെ സ.ഉ.(സാധാ) നം.103/2022/TRANS
2. 10.08.2022-ലെ സ.ഉ.(സാധാ) നം.336/2022/TRANS
3. 23.07.2023-ലെ സ.ഉ.(സാധാ) നം.315/2023/TRANS
4. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 24/07/2023-ലെ ബഡ്.1/0123720/2021 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ, കെ.എസ്.ആർ.ടി.സി. ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ പേരിലുള്ള പി.എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ (799012700002234) നിന്നും സർക്കാർ ഖജനാവിലേക്ക് വരവ് ചെയ്ത ആകെ തുകയായ 3,91,84,941/- രൂപയിൽ(മൂന്ന് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയൊന്ന് രൂപ മാത്രം) നിന്നും 2,14,37,322/-രൂപ(രണ്ടു കോടി പതിനാലു ലക്ഷത്തി മുപ്പത്തിയേഴായിരത്തി മുന്നൂറ്റിയിരുപത്തിരണ്ട് രൂപ മാത്രം) അനുവദിച്ചുകൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കെ.എസ്.ആർ.ടി.സി.യുടെ പി.എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും 31/03/2023-ൽ സർക്കാർ പിൻവലിച്ച 3,91,84,941/- രൂപയിൽ, ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവൃത്തിക്കായി പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം മോട്ടോർ വാഹനവകുപ്പിൽ നിന്നും അനുവദിച്ച് നൽകിയ തുകയായ 1,77,47,619/- രൂപ (ഒരു കോടി എഴുപത്തേഴ് ലക്ഷത്തി നാൽപത്തിയേഴായിരത്തി അറുനൂറ്റിപത്തൊൻപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 3055-00-800-93-e-mobility Promotion Fund (P) ശീർഷകത്തിൽ നിന്ന് ലഭ്യമാക്കണമെന്ന് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ട്' പദ്ധതി ഇനത്തിലെ 1,77,47,619/- രൂപ(ഒരു കോടി എഴുപത്തേഴ് ലക്ഷത്തി നാൽപത്തിയേഴായിരത്തി അറുനൂറ്റിപത്തൊൻപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 3055-00-800-93-e-mobility Promotion Fund (P) ശീർഷകത്തിലെ ബഡ്ജറ്റ്

വിഹിതത്തിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഗതാഗത കമ്മീഷണർ ,തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ്ഡയറക്ടർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ധനകാര്യ (ഐ&പി.ഡബ്യൂ-എ) വകുപ്പ്(നം. ഐ&പി.ഡബ്യൂ-എ 1/109/2023-ധന. തീയതി 13/07/2023)
ഇൻഫർമേഷൻ ഓഫീസർ (വെബ് & മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ratheesh R
Date: 05-03-2024 13:02:04
സെക്ഷൻ ഓഫീസർ